## പതിനാലാം കേരള നിയമസഭ

### ഏഴാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.T.516** **08.08.2017-ൽ മറുപടിയ്ക്ക്**

**മങ്കടയിൽ കെ.എസ്.എഫ്.ഇ. ശാഖ**

| | ചോദ്യം<br>ശ്രീ.ടി.എ.അഹമ്മദ് കബീർ | | മറുപടി<br>ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) |
|---|---|---|---|
| (എ) | മങ്കട നിയോജക മണ്ഡലത്തിൽ മങ്കട, മുർക്കനാട് എന്നീ പഞ്ചായത്തുകളിൽ മങ്കട, കൊളത്തൂർ എന്നീ സ്ഥലങ്ങൾ കേന്ദ്രമാക്കി കെ.എസ്.എഫ്.ഇ യുടെ ശാഖ തുടങ്ങുന്നത് സംബന്ധിച്ച് മലപ്പുറം റീജണൽ അസിസ്റ്റന്റ് ജനറൽ മാനേജരുടെ പഠന റിപ്പോർട്ട് ലഭ്യമായിട്ടുണ്ടോ ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ; | (എ)<br>&<br>(ബി) | ഉണ്ട്. മങ്കട, കൊളത്തൂർ എന്നീ സ്ഥലങ്ങളിൽ പുതിയ ശാഖകൾ ആരംഭിക്കുന്നത് കെ.എസ്.എഫ്.ഇ.യുടെ പുലാമന്തോൾ, മക്കരപറമ്പ, അങ്ങാടിപ്പുറം, പാണ്ടിക്കാട് എന്നീ ശാഖകളുടെ ബിസിനസ്സിനെ പ്രതികൂലമായി ബാധിക്കുമെന്നാണ് കണ്ടെത്തിയിട്ടുള്ളത്. ആയതിനാൽ ടി സ്ഥലങ്ങളിൽ പുതിയ ശാഖകൾ ആരംഭിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. |
| (ബി) | പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പുതിയ ശാഖകൾ ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ